"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ - 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പള ശമ്പളേതര ശീർഷകങ്ങളിൽ അനുവദിച്ച തുക- ഒന്നാം ഗഡു വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.400/2025/AGRI തീയതി,തിരുവനന്തപുരം, 25-04-2025

---

പരാമർശം:- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 04.04.2025 തീയതിയിലെ എ-2360/2024/KSFDRC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷം 2401-00-104-86-01-31 NP ശമ്പള ശീർഷകത്തിൽ 131.87 ലക്ഷം രൂപയും 2401-00-104-86-01-36 NP ശമ്പളേതര ശീർഷകത്തിൽ 53.81 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ളതായും പ്രസ്തുത ശീർഷകങ്ങളിൽ നിന്നും ശമ്പളയിന ചെലവുകൾക്കായി 60 ലക്ഷം രൂപയും ശമ്പളേതര ചെലവുകൾക്കായി 48 ലക്ഷം രൂപയും അനുവദിക്കണമെന്നും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [NP(V)] ശമ്പള ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപയും, 2401-00-104-86-(01)-36 [NP(V)] ശമ്പളേതര ശീർഷകത്തിൽ നിന്നും 10 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിനും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേക്ക് മാറ്റി നൽകുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANJALY V S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് ), കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (24.04.2025 തീയതിയിലെ E:3122769/Agri-C1/78/2025-FIN )

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manesh C M
Date: 26-04-2025 13:34:22

സെക്ഷൻ ഓഫീസർ